**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3117

11.12.2014 -ൽ മറുപടിക്ക്

**പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽപ്പെട്ട ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നെടുമങ്ങാട് താലൂക്കിൽ, പുല്ലമ്പാറ വില്ലേജിൽ ശ്രീമതി തേവി ചെറുപെണ്ണ്, മലവിള പുത്തൻവീട്, പുലയരുകുന്ന്, പുല്ലമ്പാറ എന്നയാൾക്ക് പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽപ്പെട്ട എത്ര ഭൂമിയാണ് പാട്ടത്തിന് നല്കിയിരുന്നത്; എന്നു മുതൽക്കാണ് പാട്ടം പ്രാബല്യത്തിൽ വന്നത്; എത്ര നാളത്തേക്കാണ് പാട്ടത്തിന് നല്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) 16 സെന്റ് ഭൂമിയാണ് 1985 മുതൽ 1990 വരെ പാട്ടത്തിന് നൽകിയിരുന്നത്. |
| (ബി) പ്രസ്തുത പാട്ടത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (ബി) പാട്ടവ്യവസ്ഥകൾ ഇപ്രകാരമാണ്:<br>1. ഏതാവശ്യത്തിനാണോ പാട്ടം അനുവദിച്ചിട്ടുള്ളത്, പ്രസ്തുത ആവശ്യത്തിന് മാത്രമേ പാട്ട ഭൂമി ഉപയോഗിക്കുവാൻ പാടുള്ളൂ. കൂടാതെ ടി പാട്ട ഭൂമി മറ്റാർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.<br>2. പാട്ടതുക എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി മുൻകൂറായി ഒടുക്കേണ്ടതാണ്.<br>3.സർക്കാരിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി പാട്ട വസ്തു ആവശ്യമായി വന്നാൽ ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതായിരിക്കും |
| (സി) ശ്രീമതി തേവി ചെറുപെണ്ണ് 26.3.2000 ൽ മരണപ്പെട്ടതിനുശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബു, പുലയരുകുന്ന് - തടത്തരികത്ത് പുത്തൻവീട്, വെള്ളുമണ്ണടി. പി.ഒ എന്നായാൾ പാട്ടക്കുടിശിക അടച്ചിട്ടുണ്ടോ; നിലവിൽ ഈ ഭൂമിക്ക് പാട്ടക്കുടിശിക ഉണ്ടോ എന്നുള്ള വിവരം അറിയിക്കുമോ ; | (സി) അടച്ചിട്ടുണ്ട്. നിലവിൽ പാട്ടക്കുടിശ്ശികയില്ല. |
| (ഡി) ശ്രീമതി. തേവി ചെറുപെണ്ണിന്റെ കാലശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബുവിന് പ്രസ്തുത ഭൂമി കൈവശം വച്ച് അനുഭവിക്കുന്നതിന് തടസമുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ഡി) പാട്ടം കാലഹരണപ്പെട്ടതിനാൽ പാട്ടഭൂമി തിരിച്ചെടുത്ത് സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം 5 പേർക്ക് ടി ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 ന്റെ | (ഇ) സർവ്വെ നം.57/16-ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി. |

ആവശ്യത്തിനായി പ്രസ്തുത 57/16 സർവേ നമ്പർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് ആർക്കൊക്കെയാണ് നല്കിയിട്ടുള്ളതെന്നും എത്ര വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

ഏറ്റെടുത്ത് 3 സെന്റ് വീതം സുധ, മുരുകാലയം, പുല്ലമ്പാറ; സരസു, പുല്ലമ്പാറ; റീസ, മാണിക്യത്തിൽ വീട്, ആലമുക്ക്; ഇവാഞ്ചലി, ഉമ്പപ്പുറത്ത് വീട്; ഓമന, ചരിവിള പുത്തൻവീട് എന്നിവർക്ക് പതിച്ച് നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത ഭൂമി പതിച്ചു കിട്ടുന്നതിനായി ശ്രീ.കെ.ബാബു, നെടുമങ്ങാട് തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കുകയും, ടിയാന്റെ പേരിൽ പതിവ് ഭൂമിയുള്ളതിനാൽ നിലവിലെ നിയമപ്രകാരം ടിയാന് ഭൂമി പതിച്ച് നൽകുന്നതിന് നിർവ്വാഹമില്ല എന്ന വിവരം കക്ഷിയെ അറിയിച്ചിട്ടുണ്ട്.

(ജി) വർഷങ്ങളായി കൈവശം വച്ച് ദേഹണ്ഡിച്ച് പരിപാലിച്ചുവന്ന പ്രസ്തുത ഭൂമി ശ്രീ. കെ. ബാബുവിന് പതിച്ചു നല്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; മറ്റ് വസ്തുവകകളൊന്നുമില്ലാത്ത പട്ടികജാതി യിൽപ്പെടുന്ന ഇദ്ദേഹത്തിന് മാനുഷിക പരിഗണന നല്കി ടി ഭൂമി പതിച്ചു നല്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

(ജി) ശ്രീ.ബാബു 23.12.2013-ൽ ഭൂമി പതിച്ചു നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിൽ ടിയാന് 5 സെന്റ് ഭൂമി കൈവശമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ 2003 ഒക്ടോബർ 31-ന് റീസർവ്വേ റിക്കാർഡുകൾ പുല്ലമ്പാറ വില്ലേജിൽ നിലവിൽ വന്നതിനാൽ ടി പാട്ടഭൂമിയും ടിയാളുടെ പട്ടയഭൂമിയും ഒന്നായി ബ്ലോക്ക് നം.23-ൽ റീസർവ്വെ നമ്പർ 57/16-ൽ 0.09.85 ആർ ഹെക്ടർ സ്ഥലം 683-ാം നമ്പർ തണ്ടപ്പേരിൽ നെല്ലനാട് മുറിയിൽ മലവിള പുത്തൻവീട്ടിൽ കറുമ്പൻ സുന്ദരേശൻ, കറുമ്പൻ ബാബു, തേവി ചെറുപെണ്ണ് എന്നിവർ പേരിൽ തണ്ടപ്പേർ പിടിച്ചിട്ടുള്ളതുമാണ്. 27.07.2011-ലെ ജി.ഒ(എം.എസ്) 280/2011/റവ നമ്പർ ഉത്തരവ് പ്രകാരം ഭൂമി പതിച്ച് നൽകുന്നതിന് ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും ടി ഭൂമി ഭൂരഹിതരില്ലാത്ത കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 5 പേർക്ക് പട്ടയം നൽകിയതിനാലും ശ്രീ.ബാബുവിന് ടി ഭൂമി പതിച്ചു നൽകാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ